അതു ഇപ്പോൾ മാറ്റമാണ് ഏകീകരിക്കുന്നത്. അതു് ഏകീകരിച്ചുവരുമ്പോൾ ഈ വ്യത്യാസം ഉണ്ടാകുകയില്ല.

ശ്രീ. ആർ. പ്രകാശം : ഡിസ്ട്രിക്റ്റ് പ്ലാൻ ബ്രേക്കപ്പ് ചെയ്തു അച്ചടിച്ചു കഴിഞ്ഞസ്ഥിതിക്ക് അതുമാറ്റുവാൻ സാധ്യമല്ലെന്നു പറഞ്ഞു. ഇവിടെ നടന്ന ചർച്ചയുടെ വെളിച്ചത്തിൽ വീണ്ടും അതൊന്നു പരിശോധിക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് : ഡിസ്ട്രിക്റ്റ് വൈസ് ബ്രേക്കപ്പ് ചെയ്ത് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡിസ്ട്രിക്റ്റ് ബോർഡുമായി ആലോചിച്ചിട്ടാണ് ഇതച്ചടിച്ചതു്. അതു് അച്ചടിച്ച പ്ലാൻ ബോർഡിന്റെ ആലോചനയ്ക്കുവച്ചു. ബോർഡിന്റെ ആലോചനയ്ക്കുശേഷം പിന്നീടും അതച്ചടിക്കുകയാണു ചെയ്തതു്. ഇനിയും ഒന്നുകൂടി അച്ചടിക്കണമെന്നു പറഞ്ഞാൽ അതു ഇക്കാര്യം ചെലവുവഴിക്കുവാൻ സാധ്യമല്ലാതെ വരും.

മാനേജ്മെന്റ് സ്കൂളുകൾ പൂട്ടിയിടുന്ന പക്ഷം എടുക്കുന്ന നടപടി.

* 1506. [18] ശ്രീ. പി. എസ്സ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അധ്യയനവർഷത്തിൽ പ്രൈവറ്റ് മാനേജ്മെന്റിലുള്ള സ്കൂളുകൾ പൂട്ടിയിടുന്നപക്ഷം, അങ്ങനെയുള്ള സ്ഥലങ്ങളിൽ വേറെ സ്കൂളുകൾ തുറന്നു് അധ്യയനം നടത്തിക്കൊള്ളാമെന്നു് ഏതെങ്കിലും വ്യക്തികളോ സംഘടനകളോ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും ഏതെല്ലാം ഡിസ്ട്രിക്റ്റുകളിൽ നിന്നാണെന്നും പറയാമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) ഉണ്ടു്.

(ബി) ആരൊക്കെയാണെന്നു വേർതിരിച്ചു വിവരം കിട്ടിയിട്ടില്ല. പക്ഷേ, ഇതിനകം കുറെയധികം മാനേജ്മെന്റുകളിൽ നിന്നു സ്കൂളുകൾ അടയ്ക്കുമെന്നു ഔദ്യോഗികമായി അറിയുകിട്ടിയിട്ടുണ്ടു്. അധികവും കോട്ടയം ജില്ലയിൽ നിന്നാണു്.

ശ്രീ. പി. ടി. ചാക്കോ : ചോദിച്ച ചോദ്യവും ഉത്തരവുമായിട്ടു ബന്ധമൊന്നുമില്ല. പ്രൈവറ്റ് മാനേജ്മെന്റിലുള്ള സ്കൂളുകൾ പൂട്ടിയിടുന്ന പക്ഷം, അങ്ങനെയുള്ള സ്ഥലങ്ങളിൽ വേറെ സ്കൂളുകൾ തുറന്നു് അധ്യയനം നടത്തിക്കൊള്ളാമെന്നു ഏതെങ്കിലും വ്യക്തികളോ, സംഘടനകളോ ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതാരൊക്കെയാണു് എന്നാണു ചോദ്യം. അതിനു ഉത്തരം പറഞ്ഞതു അടയ്ക്കുമെന്നു കുറെപ്പേർ പറഞ്ഞിട്ടുണ്ടു് എന്നാണു്. സ്കൂൾ അടച്ചാൽ അങ്ങനെയുള്ള സ്ഥലങ്ങളിൽ സ്കൂളുകൾ തുറന്നു് അധ്യയനം നടത്തിക്കൊള്ളാമെന്നു് ഏതെങ്കിലും ആളുകൾ മുന്നോട്ടുവന്നിട്ടുണ്ടോ എന്നു ചോദിച്ചതിനു് കോട്ടയം ഡിസ്ട്രിക്റ്റിൽ നിന്നു കുറെയധികം ആളുകൾ സ്കൂളുകൾ അടയ്ക്കുമെന്നു പറഞ്ഞു്. എഴുതിട്ടുണ്ടെന്നു ഉത്തരം പറയുന്നതു ശരിയല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സ്കൂളുകൾ അടയ്ക്കുമെന്നു പറഞ്ഞിട്ടുള്ളവർ ഇന്നസ്ഥലത്തുനിന്നാണു് ഉള്ളതെന്നു പറഞ്ഞാൽ മറ്റുള്ള സ്ഥലങ്ങളിൽ സ്കൂളുകൾ നടക്കുമെന്നു വരുന്നതാണു്.

ശ്രീ. കെ. ചാർജ്ജവർ : അടയ്ക്കുന്ന സ്കൂളുകൾക്കു പകരം അവിടെ സ്കൂളുകൾ തുറക്കുവാൻ അനുവദിക്കണമെന്നുപറഞ്ഞു ആരെങ്കിലും ഗവണ്മെന്റിനോടാവശ്യപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ ചിലർ ആവശ്യപ്പെട്ടിട്ടുണ്ട്. അതു ശരിക്കുമെയുള്ളൂ.

ശ്രീ. പി. ടി. ചാക്കോ: അതു് ആരൊക്കെയാണെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതിന്റെ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. പി. ടി. ചാക്കോ: അതിന്റെ വിവരം കൊണ്ടുവന്നിട്ടില്ലെങ്കിൽ പിന്നെ എന്തുവിവരമാണു് കൊണ്ടുവന്നിട്ടുള്ളതു്?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചു വരികയാണു്. അതിനെപ്പറ്റിയുള്ള വിവരങ്ങൾ ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷനൽ ആഫിസറന്മാരിൽ നിന്നു ശേഖരിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെയുള്ളവർ വളരെ കുറച്ചുള്ളപ്പോൾ അവർ ആരൊക്കെയാണെന്നു വേഗം പറയാമല്ലോ? അപ്പോൾ മനഃപൂർവം ഇങ്ങനെ പറയുകയാണു്.

മി. സ്പീക്കർ: "ഡി. ഇ. ഒ. യിൽ നിന്നു റിപ്പോർട്ട് കിട്ടിയിട്ടുവേണം അതു പറയാൻ" എന്നാണു പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ ചോദ്യം 10 ദിവസം മുൻപു കൊടുത്തതാണു്. വളരെ കുറച്ചുപേരെയുള്ളുവെന്നു പറഞ്ഞു. വളരെ കുറച്ചുപേരെയുള്ളുവെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടു ഫോണിൽ ചോദിച്ചു് ഉത്തരം ശേഖരിക്കുവാനേയുള്ളൂ. ആ സ്ഥിതിക്കു് ബഹു: മന്ത്രി ഇങ്ങനെ ഉത്തരം പറയുന്നതു് ഈ സഭയോടു കാണിക്കുന്ന അനാദരവാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കുറച്ചേയുള്ളൂ എന്നതുകൊണ്ടു് അതിന്റെ വിവരം പെട്ടെന്നു കിട്ടിക്കൊള്ളണമെന്നില്ല. കുറച്ചു് ആളുകൾ സ്റ്റേറ്റം ഉറക്കുവാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടു്. എന്നാലും അതാരൊക്കെയാണെന്നു ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷനൽ ആഫിസറന്മാരിൽ നിന്നു വിവരം കിട്ടിയില്ലാതെ ഇവിടെ മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. സി. എബ്രഹാം: സ്റ്റേറ്റം അടയ്ക്കുന്ന സ്ഥലത്തു പുതിയ സ്കൂൾ കൂടി ഉറക്കുവാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് അപേക്ഷ കൊടുത്താൽ അതു ശരിയാണെങ്കിൽ അനുവദിക്കുമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വേണ്ടിവന്നാൽ അനുവദിക്കേണ്ടിവരും. അതിനെക്കുറിച്ചു മുൻകൂട്ടി ഒരു തീരുമാനം ചെയ്യുവാൻ തരമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: വിദ്യാഭ്യാസനിയമം അതിനെതിരായി പ്രോക്ഷോഭണം സംഘടിപ്പിച്ചിട്ടുള്ളവരുടെ താത്പര്യത്തിനു് എതിരല്ലെന്നും, അതുകൊണ്ടു് തന്റെ അനുയായികളെ ആ പ്രക്ഷോഭണത്തിൽ നിന്നു പിൻമാറണമെന്നും ആവശ്യപ്പെട്ടുകൊണ്ടു് ബഹു: വിദ്യാഭ്യാസമന്ത്രി മാർപാപ്പാ തിരുമേനിക്കു് ഒരു കത്തയച്ചിട്ടുള്ളതായി പത്രപ്രസ്താവനകണ്ടു. അതു ശരിയാണോ?

Mr. Speaker: That question does not arise.

Shri M. Narayana Kurup: Sir, This question has some connection with the decision taken up by the School-Managers. So the question regarding the new paper report is relevant.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അങ്ങനെ കത്തിടപാടുകൾ ഉണ്ടായിട്ടില്ല. അതിനു സാദ്ധ്യതയും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly